ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.12.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ശാസ്ത്രം, സാങ്കേതികവിദ്യ, നവീകരണം എന്നീ മേഖലകളിലെ മികച്ച സംഭാവനകൾക്കുള്ള രാഷ്ട്രീയ വിജ്ഞാന പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു

   President Droupadi Murmu conferred Rajiv Gandhi Khel Ratna Awards for outstanding contributions in science, technology and innovation in New Delhi.

2. സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനുള്ള വിശാല ദൗത്യത്തിൻറെ ഭാഗമാണ് ഇന്ത്യ-ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാറെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി

   India–New Zealand Free Trade Agreement part of a broader mission to strengthen the economy, says Prime Minister Narendra Modi.

3. ദിത്വാ ചുഴലിക്കാറ്റ് നാശം വിതച്ച ശ്രീലങ്കയുടെ പുനർനിർമ്മാണത്തിന് ഇന്ത്യയുടെ പൂർണ്ണ പിന്തുണ ഉറപ്പു നൽകി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.

   External Affairs Minister S. Jaishankar assures India's full support for Sri Lanka's reconstruction after devastation caused by Cyclone Dithwa.

4. കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. പരാതികൾ അടുത്തമാസം 22 വരെ സമർപ്പിക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.

**Draft electoral roll published in Kerala as part of SIR; objections can be submitted till the 22nd of next month, says Chief Electoral Officer.**

5. അമേരിക്കയുടെ **AST** സ്പേസ് മൊബൈൽ **Bluebird block**-2 ഉപഗ്രഹം ഐഎസ്ആർഒ നാളെ വിക്ഷേപിക്കും.

**ISRO to launch US-based AST SpaceMobile's BlueBird Block-2 satellite tomorrow.**

6. ഇന്ത്യ - ശ്രീലങ്ക വനിതാ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിങ് തിരഞ്ഞെടുത്തു.

**India opt to field after winning the toss in the second match of the India–Sri Lanka Women's T20 series.**

## PREZ- VIGYAN AWARD

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ രാഷ്ട്രീയ വിജ്ഞാന പുരസ്കാരങ്ങൾ സമ്മാനിച്ചു. ശാസ്ത്രം, സാങ്കേതികവിദ്യ, നവീകരണം എന്നീ മേഖലകളിലെ മികച്ച സംഭാവനകൾക്ക് നാല് വിഭാഗങ്ങളിലായി നൽകുന്ന പരമോന്നത അംഗീകാരമാണിത്. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ പത്മവിഭൂഷൺ ജയന്ത് വിഷ്ണു നാർലിക്കറിന് മരണാനന്തര ബഹുമതിയായി വിജ്ഞാന രത്ന അവാർഡ് നൽകി ആദരിച്ചു. എട്ട് ശാസ്ത്രജ്ഞർക്ക് വിജ്ഞാന ശ്രീ പുരസ്കാരവും 14 യുവ ശാസ്ത്രജ്ഞർക്ക് വിജ്ഞാന യുവ അവാർഡും ലഭിച്ചു. വിജ്ഞാന ടീം അവാർഡ് അരോമ മിഷൻ CSIR നും സമ്മാനിച്ചു.

## REV. PREZ-IB ENDOWMENT LECTURE (INTRO)

രാജ്യത്ത് നിക്ഷേപം, വളർച്ച എന്നിവ വർദ്ധിപ്പിക്കുന്നതിൽ സുരക്ഷയ്ക്ക് നിർണായക പങ്കുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. സമൃദ്ധമായ രാഷ്ട്രത്തിനായി സുരക്ഷ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും ശ്രീമതി മുർമ്മു പറഞ്ഞു. ന്യൂഡൽഹിയിൽ 38-ാമത് ഇൻറലിജെൻസ് ബ്യൂറോ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി.

(ഹോൾഡ് വോയ്സ്.....)

## PM - GOYAL FTA ARTICLE

സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും ദശലക്ഷക്കണക്കിന് ആളുകളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുമുള്ള വിശാല ദൗത്യത്തിൻറെ ഭാഗമാണ് ഇന്ത്യ-ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാറെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയുടെ വികസന യാത്രയിലെ ഒരു സുപ്രധാന നാഴികക്കല്ലാണിതെന്നും കേന്ദ്ര മന്ത്രി പിയൂഷ് ഗോയലിൻറെ ലേഖനം സമൂഹ മാധ്യമത്തിൽ പങ്കുവെച്ചുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയുടെ വ്യാപാര നയതന്ത്രത്തിൽ ഇന്ത്യ-ന്യൂസിലൻഡ് വ്യാപാര കരാറിൻറെ സ്വാധീനം വ്യക്തമാക്കുന്നതാണ് ലേഖനം.

## JAISHANKAR - SRI LANKA FM MEETING

ശ്രീലങ്ക സന്ദർശിക്കുന്ന വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ശ്രീലങ്കൻ വിദേശകാര്യ മന്ത്രി വിജിത ഹെറാതുമായി കൂടി കാഴ്ച നടത്തി. ദിത്വാ ചുഴലിക്കാറ്റ് നാശം വിതച്ച ശ്രീലങ്കയുടെ പുനർനിർമ്മാണത്തിന് ഇന്ത്യയുടെ പൂർണ്ണ പിന്തുണ അദ്ദേഹം ഉറപ്പു നൽകി. ശ്രീലങ്കക്കായി 450 ദശലക്ഷം രൂപയുടെ പ്രത്യേക പാക്കേജും ഇന്ത്യ പ്രഖ്യാപിച്ചു. ശ്രീലങ്കയിലെ വ്യാപാര സമൂഹവുമായും അദ്ദേഹം സംവദിച്ചു.

## ISRO SATELLITE LAUNCH

അമേരിക്കയുടെ AST സ്പേസ് മൊബൈൽ Bluebird block-2 ഉപഗ്രഹം വിക്ഷേപിക്കാനൊരുങ്ങി ഐഎസ്ആർഒ. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെൻററിൽ നാളെ രാവിലെ 08:54 നാണ് വിക്ഷേപണം. ഐഎസ്ആർഒയുടെ LVM3-M6 റോക്കറ്റ് ആണ് ഉപഗ്രഹത്തെ ഭ്രമണപഥത്തിലെത്തിക്കുക. ലോ എർത്ത് ഭ്രമണപഥത്തിലെ ഏറ്റവും വലിയ വാണിജ്യ ആശയവിനിമയ ഉപഗ്രഹവും ഇന്ത്യയിൽ നിന്ന് LVM-3 യിലൂടെ വിക്ഷേപിക്കുന്ന ഏറ്റവും ഭാരമേറിയ പേലോഡുമായിരിക്കും BlueBird Block-2. ഉപഗ്രഹത്തിലൂടെ നേരിട്ടുള്ള 4G/5G കണക്റ്റിവിറ്റി ആഗോളതലത്തിൽ ലഭ്യമാക്കുകയാണ് ദൗത്യത്തിന്റെ ലക്ഷ്യം.

## VOTERS LIST (INTRO)

കേരളത്തിൽ, തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടിക തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചു. ജില്ലാതലത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും പട്ടിക കൈമാറിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. രണ്ടു കോടി 54 ലക്ഷത്തി 42,352 വോട്ടർമാരാണ് എന്യൂമറേഷൻ ഫോം പൂരിപ്പിച്ച് നൽകിയത്. 91.35 ശതമാനം ഫോമുകളാണ് തിരികെയെത്തിയത്. 24 ലക്ഷത്തി എണ്ണായിരത്തി 503 ഫോമുകളാണ് ശേഖരിക്കാൻ സാധിക്കാത്തതായി ഉള്ളത്. കരട് പട്ടികയിന്മേലുള്ള പരാതികൾ അടുത്തമാസം 22 വരെ നൽകാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

(വോയ്സ്..........)

voters.eci.gov.in, ceo.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 21 ന് പ്രസിദ്ധീകരിക്കും. ഛത്തീസ്ഗഢ്, മധ്യപ്രദേശ് സംസ്ഥാനങ്ങളിലും ഇന്ന് കരട് പട്ടിക പ്രസിദ്ധീകരിച്ചു.

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 26 വരെ അറിയിക്കാം.

## CEA-WORKSHOP

രാജ്യത്തിൻറെ മൊത്ത ആഭ്യന്തര ഉത്പാദനം സംബന്ധിച്ച വിമർശനങ്ങൾ പലപ്പോഴും കൃത്യമായ വിശകലനം നടത്താതെയാണ് ഉന്നയിക്കപ്പെടുന്നതെന്ന് മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് വി അനന്ത നാഗേശ്വരൻ. ജിഡിപി,

ഉപഭോക്തൃ വില സൂചിക, വ്യാവസായിക ഉൽപ്പാദന സൂചിക എന്നിവയുടെ അടിസ്ഥാന പരിഷ്കരണത്തെക്കുറിച്ചുള്ള ശില്പശാലയിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം. വർത്തമാനകാലത്ത് ഡാറ്റ ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യുന്നതിന് പൊതു നയം ആവശ്യമാണെന്ന് പരിപാടിയിൽ പങ്കെടുത്ത നിതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി പറഞ്ഞു.

# CHARAN SINGH

ഇന്ന് ദേശീയ കർഷകദിനം. ഇന്ത്യയുടെ മുൻപ്രധാനമന്ത്രിയും ഭാരത രത്ന പുരസ്കാര ജേതാവുമായ ചൗധരി ചരൺസിംഗിൻറെ ജന്മദിനമാണ് ദേശീയ കർഷകദിനമായി ആചരിക്കുന്നത്. ചരൺസിങ്ങിൻറെ ജന്മവാർഷികത്തിൽ ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, കേന്ദ്ര ആഭ്യന്തരമന്ത്രി ഉൾപ്പെടെയുള്ളവർ ശ്രദ്ധാഞ്ജലി അർപ്പിച്ചു.

# CHOUHAN-FARMERS DAY

കർഷകരുടെയും തൊഴിലാളികളുടെയും ക്ഷേമത്തിനായി കേന്ദ്ര സർക്കാർ അടുത്തിടെ നടപ്പിലാക്കിയ ഏറ്റവും മികച്ച പദ്ധതിയാണ് വികസിത് ഭാരത് റോസ്ഗാർ ആൻഡ് ആജീവിക മിഷൻ എന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ദേശീയ കർഷക ദിനത്തോടനുബന്ധിച്ച് രാജ്യത്തേ കർഷകരെ വെർച്വൽ ആയി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കർഷകരുടെയും തൊഴിലാളികളുടെയും ക്ഷേമത്തിനായി നിയമത്തിൽ ശക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

# VP-AI (INTRO)

സ്കൂളുകളിലും കോളേജുകളിലും നിർമ്മിത ബുദ്ധി പാഠ്യപദ്ധതിയുടെ അവിഭാജ്യ ഘടകമാക്കാൻ നിർദേശിച്ച് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ന്യൂഡൽഹിയിൽ എ.ഐ. മഹാകുംഭ് ദേശീയ കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. AI യെ നേരത്തെ പരിചയപ്പെടുന്നത് വിദ്യാർത്ഥികളെ വിമർശനാത്മക ചിന്തയ്ക്കും

പ്രശ്നപരിഹാര കഴിവുകൾക്കും പ്രാപ്തരാക്കുമെന്നും ശ്രീ രാധാകൃഷ്ണൻ പറഞ്ഞു.

(ഹോൾഡ് വോയ്സ്.........)

☸☸☸☸☸☸☸☸☸☸☸☸☸

## CRICKET WOMEN

ഇന്ത്യ - ശ്രീലങ്ക വനിതാ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിങ് തിരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ശ്രീലങ്ക 7 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 47 റൺസ് നേടിയിട്ടുണ്ട്. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ആദ്യ മത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു. അവസാന മൂന്ന് മത്സരങ്ങൾ തിരുവനന്തപുരത്താണ് നടക്കുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸

## TRAIN FLIGHT-FOG AFFECT

ദേശീയ തലസ്ഥാനത്ത് കനത്ത മൂടൽമഞ്ഞിനെ തുടർന്ന് നിരവധി വിമാന - ട്രെയിൻ സർവീസുകൾ തടസ്സപ്പെട്ടു. 50 ലധികം ട്രെയിനുകൾ ആറ് മണിക്കൂർ വരെ വൈകിയോടുന്നതായി ഇന്ത്യൻ റെയിൽവേ ഡൽഹി ഡിവിഷൻ അറിയിച്ചു. കനത്ത മൂടൽമഞ്ഞിന് സാധ്യതയുള്ളതിനാൽ ഡൽഹി, ഹരിയാന, ചണ്ഡീഗഢ്, പഞ്ചാബ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഉത്തരേന്ത്യയുടെ മറ്റ് ഭാഗങ്ങളിലും വടക്കുകിഴക്കൻ മേഖലകളിലും മൂടൽമഞ്ഞിന് സാധ്യതയുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## GOLD RATE

കേരളത്തിൽ സ്വർണ്ണവില സർവ്വകാല റെക്കോർഡിൽ. പവന് വില ഒരു ലക്ഷം കടന്നു. പവന് ഇന്ന് 1,760 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി ആയിരത്തി 600 രൂപയും ഗ്രാമിന് 220 രൂപ കൂടി 12,ആയിരത്തി 700 രൂപയുമാണ് ഇന്നത്തെ വില.

☸☸☸☸☸☸☸☸☸☸☸☸☸

## SABARIMALA

മണ്ഡലപൂജയ്ക്ക് ശബരിമല അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കിയും വഹിച്ചു കൊണ്ടുള്ള ഘോഷയാത്ര ആറൻമുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ടു. ഘോഷയാത്ര 26 ന് വൈകുന്നേരം സന്നിധാനത്ത് എത്തും. അയ്യപ്പ വിഗ്രഹത്തിൽ തങ്കയങ്കി ചാർത്തിയുള്ള ദീപാരാധന തുടർന്ന് നടക്കും. 27-നാണ് മണ്ഡല പൂജ. അന്നേദിവസം രാത്രി അടയ്ക്കുന്ന ക്ഷേത്രനട മകരവിളക്ക് മഹോത്സവത്തിനായി 30 നാണ് വീണ്ടും തുറക്കുക.

## BIRD FLU

കോട്ടയം, ആലപ്പുഴ ജില്ലകളിലെ ചില ഭാഗങ്ങളിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആരോഗ്യ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ സംസ്ഥാന തല റാപ്പിഡ് റെസ്പോൺസ് ടീം യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. കേരളത്തിൽ പക്ഷിപ്പനി ഇതുവരെ മനുഷ്യരെ ബാധിച്ചിട്ടില്ലെങ്കിലും മുൻ കരുതലുകൾ ആവശ്യമാണെന്ന് മന്ത്രി പറഞ്ഞു.